കുഴൽക്കിണറുകൾ.

96. [765] ശ്രീ. ഇ അഹമ്മദ്.
,, പി. കെ. രാഘവൻ.
,, കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്,
,, പി. എം. അബൂബേക്കർ,
,, ടി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവു കൂടുതലാകുമെന്ന കാരണത്താൽ ജലസേചനസൗകര്യത്തിന് പ്രയാസമുള്ള സ്ഥലങ്ങളിൽ കൃഷിക്കുവേണ്ടി കുഴൽക്കിണർവഴി ജലസേചനം നടത്താനുള്ള എന്തെങ്കിലും പരിപാടി ഗവൺമെന്റിനുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കാര്യത്തിൽ ഒരു പദ്ധതി തയ്യാറാക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ കുഴൽകിണർ വഴി ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ. ബി) കുഴൽക്കിണറുകൾവഴി ജലസേചനസൗകര്യമേർപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ മുന്നോടിയായി ഭൂഗർഭ ജലനിക്ഷേപങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെയുണ്ട് എന്നറിയാൻ ഒരു ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിക്കഴിഞ്ഞാലുടൻ അനന്തരപരിപാടികൾ ആസൂത്രണം ചെയ്യുന്നതായിരിക്കും.

ഹയർ പർച്ചേസ് ജനറൽ ഇൻഷ്വറൻസ്

97. [774) ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെക്കാണുന്ന ചോദ്യത്തിനു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ പർച്ചെയിസ്, ജനറൽ ഇൻഷ്വറൻസ് എന്നിവ ഗവൺമെന്റുടമയിൽ നടത്തുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉത്തരം

പൊതുമേഖലയിൽ ചിട്ടി, കുറി ഇവ നടത്തുന്നതിനും ഇൻഷ്വറൻസ് ഹയർപർച്ചെയിസ് സ്കീമുകൾ നടത്തുന്നതിനും വേണ്ടി ഗവൺമെന്റുടമയിൽ ദി കേരള സ്റ്റേറ്റ് ഫിനാഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന നാമത്തിൽ ഒരു കമ്പനി 5–11–69–ൽ തൃശ്ശൂർ തലസ്ഥാനമാക്കി രജിസ്റ്റർ ചെയ്തു 2–12–69 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കാർഷികകോളേജ് വിദ്യാർത്ഥികളുടെ സത്യാഗ്രഹം

98. [790] ശ്രീ. റ്റി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികകോളേജ് വിദ്യാർത്ഥികൾ 21–2–70–ൽ സെക്രട്ടേറിയറ്റ് പീടികൽ നടത്തിയ സൂചനാനിരാഹാരസത്യാഗ്രഹം എന്തിനുവേണ്ടിയാണ്;

LIBRARY ARCHIVES Kerala Legislative Assembly